# ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

**(HIGHER SECONDARY EQUIVALENCY COURSE)**

**(FIRST YEAR)**

**XI**

# അധ്യാപകസഹായി
# ചരിത്രം

**കേരള സർക്കാർ**
**പൊതുവിദ്യാഭ്യാസ വകുപ്പ്**
Department of General Education


തയാറാക്കിയത്

**കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം**

**2019**

# ആമുഖം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹയർസെക്കണ്ടറി തുല്യതാകോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യസംരംഭ മാണ്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് സഹകരണത്തോടെ തയാറാക്കിയ ഹയർസെക്കണ്ടറി തുല്യതാ അധ്യാപക സഹായിയിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഗാന്ധിയൻ സ്റ്റഡീസ്, ബിസിനസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി എന്നിങ്ങനെ 10 വിഷയങ്ങളിലായി 13 പുസ്തകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സമ്പർക്ക പഠന ക്ലാസ്സുകളിൽ പഠിതാക്കളെ പങ്കെടുപ്പിച്ച് പഠനത്തിനിടയി ലുണ്ടാകുന്ന സംശയങ്ങളും പ്രയാസങ്ങളും പരിഹരിക്കേണ്ടതും പഠിതാക്കളുടെ സംശയനിവൃത്തിക്ക് അധ്യാപക സഹായിയുടെ സാധ്യതകൾ പരമാവധി പ്രയോ ജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിത്ര ങ്ങളും പട്ടികകളും പ്രവർത്തനങ്ങളും അധ്യാപക സഹായിയുടെ പിൻബലത്തിൽ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. അനുബന്ധ പഠനപ്രവർത്തനങ്ങൾ കൊണ്ടും ചർച്ചകൾ കൊണ്ടും സമ്പർക്കപഠനത്തെ രസകരമായ അനുഭവമാക്ക ണമെന്ന് ഓർമിപ്പിക്കുന്നു. ഈ അധ്യാപക സഹായിയുടെ നിർമ്മാണത്തിൽ ആത്മാർത്ഥതയോടെ പങ്കെടുത്ത അധ്യാപകർ, വിദഗ്ധസമിതി അംഗങ്ങൾ, എസ്.സി.ഇ.ആർ.ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് സ്നേഹാദരപൂർവം നന്ദി അർപ്പിക്കുന്നു.

ആശംസകളോടെ

**ഡോ. പി എസ് ശ്രീകല**
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ഉള്ളടക്കം

1. ആദ്യകാല സമൂഹങ്ങൾ ........ 1-3

2. റോമാസാമ്രാജ്യം ........ 4-5

3. മധ്യപൗരസ്ത്യ ദേശത്തെ ഇസ്ലാം ........ 6-7

4. മംഗോളിയൻ സാമ്രാജ്യം ........ 8-9

5. ഫ്യൂഡലിസം ........ 10-11

6. നവോത്ഥാനം ........ 12-13

7. അധിനിവേശവും ചെറുത്തു നിൽപ്പും ........ 14-15

8. വ്യവസായ വിപ്ലവം ........ 16-17

9. ആധുനികതയിലേക്ക് ........ 18-19

10. യുദ്ധവും സമാധാനവും ........ 20-21

# അധ്യായം - 1

# ആദ്യകാല സമൂഹങ്ങൾ

സമയം : 3 മണിക്കൂർ

**ആമുഖം**

ആദിമ മനുഷ്യജീവിതത്തേയും സംസ്കാരത്തേയും കുറിച്ചാണ് ഈ പാഠഭാഗത്ത് പരാമർശിക്കുന്നത്. വിവിധഘട്ടങ്ങളിലൂടെയുള്ള പരിണാമത്തിന്റെ ഫലമായാണ് ആധുനിക മനുഷ്യൻ രൂപപ്പെട്ടതെന്ന ധാരണ പഠിതാക്കളിൽ രൂപപ്പെടണം. മാറ്റത്തിന്റെ ഓരോഘട്ടവും പുരോഗതിയുടേത് കൂടിയായിരുന്നുവെന്ന് തിരിച്ചറിയണം. പഠനപ്രവർത്തനങ്ങളെയും പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടുന്ന ഉൽപ്പന്നങ്ങളേയും വിലയിരുത്തുകയും പ്രവർത്തനങ്ങളിൽ എല്ലാപഠിതാക്കളുടെയും സജീവപങ്കാളിത്തം ഉറപ്പാക്കുകയും വേണം. വിശകലന ശേഷി, ജനാധിപത്യബോധം, തന്റേതായ അഭിപ്രായങ്ങൾ രൂപീകരിക്കാനും പ്രകടിപ്പിക്കാനുമുള്ള കഴിവ് എന്നിവ ഓരോരുത്തരിലും രൂപപ്പെടാൻ പ്രവർത്തനങ്ങൾ സഹായകമാകണം. ഇവിടെ തന്നിട്ടുള്ള പ്രവർത്തനങ്ങളോടൊപ്പം മറ്റ് അനുയോജ്യമായ പ്രവർത്തനങ്ങളും കണ്ടെത്തി സമയബന്ധിതമായി ക്ലാസിൽ നടത്താവുന്നതാണ്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • മനുഷ്യ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ- പ്രൈമേറ്റുകൾ, ഹൊമിനോയിഡുകൾ, ഹൊമിനിഡുകൾ, ആസ്ട്രലോപിത്തേക്കസ്, ഹോമോ | • പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള ചർച്ച, പട്ടിക പൂർത്തിയാക്കൽ, അവതരണം. | • മനുഷ്യ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങൾ പട്ടികപ്പെടുത്തുന്നു. |
| • ആദ്യകാല മനുഷ്യ ജീവിതത്തിന്റെ സവിശേഷതകൾ - ഭക്ഷണം തേടൽ, വാസസ്ഥലം, ഉപകരണങ്ങൾ, ആശയവിനിമയം. | • ആദിമ മനുഷ്യ ജീവിതത്തിന്റെ സവിശേഷതകളെ സംബന്ധിച്ച സെമിനാർ. | • ആദിമ മനുഷ്യന്റെ ജീവിതസവിശേഷതകൾ വിശകലനം ചെയ്യുന്നു. |
| • മെസൊപ്പൊട്ടാമിയൻ സംസ്കാരം-ഭൂമിശാസ്ത്രത്തിന്റെ പങ്ക്. | • ഭൂപടത്തിന്റെ സഹായത്താൽ പാഠഭാഗത്തെ ടേബിൾ വിശകലനം ചെയ്യൽ. കുറിപ്പ് തയാറാക്കൽ. | • മെസൊപ്പൊട്ടാമിയൻ നഗര ജീവിതത്തെ വിശദമാക്കുന്നു. |
| • നഗര ജീവിതം - എഴുത്ത് വിദ്യ - എഴുത്ത് വിദ്യയുടെ സംഭാവനകൾ | • എഴുത്ത് വിദ്യയുടെ സവിശേഷതകളേയും സംഭാവനകളേയും സംബന്ധിച്ച ചർച്ചയും കുറിപ്പ് തയാറാക്കലും. | • നഗര ജീവിതത്തിൽ എഴുത്ത് വിദ്യയുടെ പ്രാധാന്യം തിരിച്ചറിയുന്നു.<br>• ആദിമ മനുഷ്യ ജീവിതത്തേയും അതിന്റെ പുരോഗതിയേയും വിലമതിക്കുന്നു. |

**പാഠത്തിലേക്ക്**

ആദിമ മനുഷ്യന്റെ ചിത്രങ്ങൾ/വീഡിയോ കാണിച്ചുകൊണ്ട് പാഠഭാഗം ആരംഭിക്കാവുന്നതാണ്. പാഠത്തിന്റെ അവസാനം സൂചിപ്പിച്ചിട്ടുള്ള വെബ്സൈറ്റുകളും ഡോക്യുമെന്ററിയും ഇവിടെ ഉപയോഗപ്പെടുത്താം. തുടർന്ന് ചിത്രത്തിൽ കണ്ട ആദിമ മനുഷ്യനിൽനിന്നും ഇന്നത്തെ മനുഷ്യനിലേക്കുള്ള മാറ്റം എങ്ങനെയായിരുന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? എന്ന ചോദ്യം ചോദിക്കുന്നു. അതിനു ശേഷം ഇന്നത്തെ മനുഷ്യനിലേക്കുള്ള മാറ്റത്തിന്റെ വിവിധഘട്ടങ്ങളും അവയുടെ സവിശേഷതകളും പട്ടികപ്പെടുത്തുന്നു. ഇതിനായി വിവിധ ഗ്രൂപ്പുകളായി പാഠഭാഗം പേജ് 10, 11 എന്നിവ പരിശോധിക്കുന്നു. ചർച്ചചെയ്ത് ചുവടെതന്നിട്ടുള്ളത് പോലെ പട്ടിക പൂർത്തിയാക്കി അവതരിപ്പിക്കുന്നു.

| വിഭാഗങ്ങൾ | കാലഘട്ടം | സവിശേഷതകൾ |
|---|---|---|
| • പ്രൈമേറ്റുകൾ | • 36 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | • ചെറിയ തലച്ചോർ, ഉന്തിയ താടി, വലിയ പല്ലുകൾ. |
| • ഹൊമിനോയിഡുകൾ | • 24 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് | • പ്രൈമേറ്റുകളേക്കാൾ വലിയ തലച്ചോർ, ചെറിയ താടി, ചെറിയ പല്ലുകൾ, നാലുകാലുകളിൽ നടന്നു. |
| • ഹൊമിനിഡുകൾ | • 5.6 ദശലക്ഷം വർഷങ്ങൾ മുൻപ് | • ഹൊമിനോയിഡിനേക്കാൾ ചെറിയ താടി, വലിപ്പം കൂടിയ തലച്ചോർ, ചെറിയ പല്ലുകൾ, ഇരുകാലുകളിൽ നിവർന്നു നടന്നു. |
| • ആസ്ട്രലോപിത്തേക്കസ് | • 5.6 ദശലക്ഷം വർഷങ്ങൾ മുൻപ് | • ഹൊമിനിഡുകളിൽ ആദ്യത്തെ വിഭാഗം |
| • ഹോമോ | • 2.5 ദശലക്ഷം വർഷങ്ങൾ മുൻപ് | • ഹൊമിനിഡുകളിലെ രണ്ടാമത്തെ വിഭാഗം, ആസ്ട്രലോപിത്തേക്കസിനേക്കാൾ വലിയ തലച്ചോറ്, ചുരുങ്ങിയ താടി, ചെറിയ പല്ലുകൾ. |
| • ഹോമോഹബിലിസ് | • 2.5 ദശലക്ഷം വർഷങ്ങൾ മുൻപ് | • ഹോമോയുടെ ആദ്യ വിഭാഗം, ഉപകരണ നിർമ്മാതാവ് |
| • ഹോമോഇറക്ടസ് | | • ഹോമോയുടെ രണ്ടാമത്തെവിഭാഗം<br>• നിവർന്നു നടക്കുന്നയാൾ. |
| • ഹോമോസാപ്പിയൻസ് | | • ഹോമോയുടെ മൂന്നാമത്തെ വിഭാഗം, വിവേകിയായ മനുഷ്യൻ. |

വിവരശേഖരണം, ഗ്രൂപ്പുകളിലെ ചർച്ച, പട്ടിക പൂർത്തിയാക്കൽ, അവതരണം എന്നീഘട്ടങ്ങളിൽ ഓരോരുത്തരുടേയും ഇടപെടലും പങ്കാളിത്തവും വിലയിരുത്തണം. പട്ടികയെ പോർട്ട് ഫോളിയോയുടെ ഭാഗമായി വിലയിരുത്താവുന്നതാണ്.

**ആദിമ മനുഷ്യ ജീവിതം**

വിവിധഘട്ടങ്ങളിലൂടെയുള്ള പരിണാമത്തിലൂടെയാണ് മനുഷ്യനിലേക്ക് എത്തിച്ചേർന്നതെന്ന് മനസ്സിലായല്ലോ. തുടർന്ന് ആദിമ മനുഷ്യന്റെ ജീവിത സവിശേഷതകൾ വിശകലനം ചെയ്യുന്നതിനായി ഒരു സെമിനാർ നടത്തുന്നു.

- ആദിമ മനുഷ്യന്റെ ജീവിതം എങ്ങനെയായിരുന്നു?
- അതിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

എന്നീ ചോദ്യങ്ങൾ ബോർഡിൽ എഴുതിയിടുന്നു. തുടർന്ന് ക്ലാസ് നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് പാഠപുസ്തകത്തിന്റെ സഹായത്താൽ വിവരശേഖരണം നടത്തുന്നു.

ഗ്രൂപ്പ് I - ഭക്ഷണം തേടിയിരുന്ന മാർഗങ്ങൾ

ഗ്രൂപ്പ് II - വാസസ്ഥലവും തീയുടെ ഉപയോഗവും

ഗ്രൂപ്പ് III - ഉപകരണങ്ങളും ആയുധങ്ങളും

ഗ്രൂപ്പ് IV - ആശയവിനിമയ രീതികൾ

ഓരോ ഗ്രൂപ്പും വിവരശേഖരണം നടത്തി ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു. പൊതു ചർച്ചയ്ക്ക് ശേഷം ഓരോരുത്തരും വ്യക്തിഗതമായി 'ആദിമ മനുഷ്യന്റെ ജീവിത സവിശേഷതകൾ' എന്ന വിഷയത്തെ സംബന്ധിച്ച സെമിനാർ പേപ്പർ തയാറാക്കുന്നു. ഓരോരുത്തരും ചുവടെ തന്നിട്ടുള്ള ധാരണകൾ നേടി എന്ന് അധ്യാപകൻ ഉറപ്പാക്കണം.

- വേട്ടയാടൽ, മത്സ്യബന്ധനം, ഭക്ഷണശേഖരണം എന്നിവ നിലനിന്നിരുന്നു.
- മരച്ചില്ലകളും, തുറസ്സായ സ്ഥലങ്ങളും, ഗുഹകളും വാസസ്ഥലങ്ങളായി ഉപയോഗിച്ചു.
- തീയുടെ ഉപയോഗം ആദിമ മനുഷ്യർ മനസ്സിലാക്കിയിരുന്നു.
- ശിലായുധങ്ങളാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്.
- ശബ്ദങ്ങളും, ആംഗ്യഭാഷയും ആശയവിനിമയത്തിനായി ഉപയോഗിച്ചു.

സെമിനാറിന്റെ ഓരോഘട്ടത്തിലേയും ഓരോരുത്തരുടേയും പ്രവർത്തനങ്ങളേയും പങ്കാളിത്തത്തേയും വിലയിരുത്തണം. സെമിനാർ പേപ്പർ പോർട്ട് ഫോളിയോയുടെ ഭാഗമായി വിലയിരുത്താവുന്നതാണ്.

**മെസൊപ്പൊട്ടാമിയൻ സംസ്കാരം**

മെസൊപ്പൊട്ടാമിയൻ സംസ്കാരം ഒരു നദീതട സംസ്കാരമായിരുന്നു. ഈ സംസ്കാരത്തിന്റെ ആവിർഭാവത്തിന് മെസൊപ്പൊട്ടാമിയയുടെ ഭൂമിശാസ്ത്രം എത്രമാത്രം പങ്ക് വഹിച്ചു എന്ന് തിരിച്ചറിയുന്നതിനായി ലോകഭൂപടത്തിന്റെ സഹായത്താൽ പാഠഭാഗത്ത് തന്നിട്ടുള്ള ടേബിൾ വിശകലനം ചെയ്യുന്നു. ഗ്രൂപ്പുകളുടെ അവതരണത്തിന് ശേഷം വ്യക്തിഗതമായി വിശകലനകുറിപ്പ് തയാറാക്കുന്നു. വിശകലന കുറിപ്പ് പോർട്ട് ഫോളിയോയുടെ ഭാഗമാണ്.

തുടർന്ന് സമൂഹത്തിന്റെ പുരോഗതിക്ക് എഴുത്തുവിദ്യയും രേഖപ്പെടുത്തലും വഹിക്കുന്ന പങ്കിനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഒരു പൊതു ചർച്ച നടത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി മെസൊപ്പൊട്ടാമിയയിലെ നഗരജീവിതം, ക്യൂണിഫോം ലിപിയുടെ സവിശേഷതകൾ, എഴുത്ത്വിദ്യ എന്നിവ മെസൊപ്പൊട്ടാമിയക്കാരുടെ പുരോഗതിക്ക് വിഴിതെളിച്ചതെങ്ങനെ തുടങ്ങിയവ പാഠഭാഗം പരിശോധിച്ച് കണ്ടെത്തി ചർച്ച ചെയ്യുന്നു. അവതരണത്തേയും പൊതു ചർച്ചയേയും തുടർന്ന് ചർച്ചാകുറിപ്പ് തയാറാക്കുന്നു. ചർച്ചാകുറിപ്പും പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ ആക്ടിവിറ്റിലോഗും പോർട്ട് പോളിയോയുടെ ഭാഗമാണ്.

യൂണിറ്റ്തല വിലയിരുത്തലിന്റെ ഭാഗമായി വിവിധ ഗ്രൂപ്പുകൾ പാഠഭാഗം പരിശോധിച്ച് 10 ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും തയാറാക്കുന്നു. എല്ലാ ഗ്രൂപ്പുകളുടേയും ചോദ്യങ്ങൾ സമാഹരിച്ച് എഡിറ്റ് ചെയ്ത് ഒരു ചോദ്യപേപ്പറാക്കി ക്ലാസ്സിൽ ടെസ്റ്റ് നടത്തുന്നു. യൂണിറ്റ്തല വിലയിരുത്തൽ തുടർമൂല്യ നിർണയത്തിന്റെ ഭാഗമാണ്.

തുടർപ്രവർത്തനത്തിന്റെ ഭാഗമായി മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ കാലത്ത് നിലനിന്നിരുന്ന മറ്റ് സംസ്കാരങ്ങളേയും അവയുടെ സവിശേഷതകളേയും പട്ടികപ്പെടുത്താവുന്നതാണ്.

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. നൂറ്റാണ്ടുകളിലൂടെയുള്ള പരിണാമത്തിലൂടെയാണ് മനുഷ്യൻ രൂപപ്പെട്ടതെന്ന് പറയുന്നതെന്തുകൊണ്ട്?
2. ആദിമ മനുഷ്യ ജീവിതത്തിൽ ഇന്നത്തെ മനുഷ്യന്റെ എന്തെല്ലാം സവിശേഷതകൾ കണ്ടെത്താൻ കഴിയും?
3. മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ ആവിർഭാവത്തിൽ അവിടുത്തെ ഭൂമിശാസ്ത്രം വഹിച്ച പങ്ക് പരിശോധിക്കുക.
4. എഴുത്ത്വിദ്യ മെസൊപ്പൊട്ടാമിയൻ ജനതയുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക.

# അധ്യായം - 2

# റോമാസാമ്രാജ്യം

സമയം : 3 മണിക്കൂർ

**ആമുഖം**

പ്രാചീന റോമാസാമ്രാജ്യത്തിന്റെ രൂപീകരണവും സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ ജീവിതവുമാണ് ഈ പാഠഭാഗത്ത് പരാമർശിക്കുന്നത്. ലോക സംസ്കാരത്തിന് റോം നൽകിയ സംഭാവനകൾ, റോം നേരിട്ട വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള ധാരണ പഠിതാക്കളിൽ രൂപപ്പെടണം. മനുഷ്യ ജീവിതത്തിന്റെ പുരോഗതിയും അവർ നേരിട്ട വെല്ലുവിളികളും തിരിച്ചറിയണം. വിശകലന ശേഷി, താരതമ്യപഠനം, അഭിപ്രായ രൂപീകരണം എന്നിവ ഓരോ പഠിതാവിലും രൂപപ്പെടാൻ പ്രവർത്തനങ്ങൾ സഹായകമാകണം.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • പ്രാചീന റോമിന്റെ രാഷ്ട്രീയ സ്ഥിതി - ആദിമറോമാസാമ്രാജ്യം - അഗസ്റ്റസ് സീസർ, പ്രിൻസിപ്പേറ്റ് | • പ്രാചീന റോമിന്റെ രാഷ്ട്രീയ സ്ഥിതിയെക്കുറിച്ചുള്ള ചർച്ച, റോമാ സാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള താരതമ്യക്കുറിപ്പ് തയാറാക്കൽ, റോമിൽ സമാധാനം സ്ഥാപിക്കുന്നതിൽ അഗസ്റ്റസിന്റെ പങ്കിനെക്കുറിച്ചുള്ള സംവാദം. | • പ്രാചീന റോമിന്റെ രാഷ്ട്രീയ സ്ഥിതി വിശകലനം ചെയ്യുന്നു. <br>• റോമാസാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്നു. <br>• റോമിൽ സമാധാനം പുനസ്ഥാപിക്കുന്നതിൽ അഗസ്റ്റസ് സീസർ വഹിച്ച പങ്ക് വിലയിരുത്തുന്നു. |
| • റോമാസാമ്രാജ്യത്തിലെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക ജീവിതം | • റോമാ സാമ്രാജ്യത്തിലെ സാമൂഹിക സാംസ്കാരിക സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചുള്ള സെമിനാർ | • റോമിന്റെ സാംസ്കാരിക പുരോഗതി വിലയിരുത്തുന്നു. |
| • അടിമത്തം, സാമൂഹ്യ ശ്രേണികൾ | • അടിമത്തം, സാമൂഹിക ശ്രേണികൾ എന്നിവയെക്കുറിച്ചുള്ള ചർച്ചാക്കുറിപ്പ് തയാറാക്കുക. | • അടിമത്തവ്യവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുന്നു. <br>• സമൂഹത്തിൽ നിലനിന്നിരുന്ന വ്യത്യസ്ത ശ്രേണികളെ വിശദമാക്കുന്നു. |
| • പിൽക്കാല റോമാസാമ്രാജ്യം - രാഷ്ട്രീയം, മതം, ഭരണം, സാമ്പത്തികം. | • പിൽക്കാല റോമാ സാമ്രാജ്യത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു. | • പിൽക്കാല റോമാസാമ്രാജ്യത്തെ വിലയിരുത്തുന്നു. |

**പാഠത്തിലേക്ക്**

റോമാസാമ്രാജ്യവും ഇറാനും തമ്മിലുണ്ടായിരുന്ന വ്യത്യാസങ്ങൾ കാണിക്കുന്ന ഒരു കുറിപ്പ് തയാറാക്കികൊണ്ട് പാഠഭാഗം ആരംഭിക്കാവുന്നതാണ്. തുടർന്ന് വിവിധ ഗ്രൂപ്പുകളായി പാഠഭാഗം ചർച്ച ചെയ്ത് ചുവടെ തന്നിട്ടുള്ളത് പോലെ പട്ടിക പൂർത്തിയാക്കി അവതരിപ്പിക്കുന്നു.

| റോമാസാമ്രാജ്യം | ഇറാനിയൻ സാമ്രാജ്യം |
|---|---|
| സാംസ്കാരിക വൈവിധ്യങ്ങൾ കൂടുതൽ ഉണ്ടായിരുന്നു. | സാംസ്കാരിക വൈവിധ്യങ്ങൾ കുറവ്. |
| വ്യത്യസ്ത ജനവിഭാഗങ്ങൾ ഉണ്ടായിരുന്നു. | ഇറാനിയൻ വർഗത്തിൽപ്പെട്ട ജനങ്ങൾ. |
| ധാരാളം ഭാഷകൾ ഉണ്ടായിരുന്നു. | അരാമിക് ഭാഷ സംസാരിച്ചു. |

പട്ടിക പൂർത്തിയാക്കൽ, അവതരണം, വിലയിരുത്തൽ എന്നീ ഘട്ടങ്ങളിൽ ഓരോരുത്തരുടേയും പങ്കാളിത്തവും ആശയവിനിമയവും വിലയിരുത്തണം.

**രാഷ്ട്രീയ, സാംസ്കാരിക ജീവിതം.**

അഗസ്റ്റസ് സീസറിന്റെ കാലഘട്ടത്തിൽ റോമിൽ പ്രിൻസിപ്പേറ്റ് ഭരണത്തിന് തുടക്കം കുറിച്ചു. തുടർന്നുള്ള രണ്ടു നൂറ്റാണ്ടുകാലം റോമിൽ സമാധാനത്തിന്റെ കാലമായിരുന്നുവെന്ന് വിശദീകരിക്കുന്നു. തുടർന്ന് ക്ലാസ്സ് നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് പാഠപുസ്തകത്തിന്റെ സഹായത്താൽ വിവരശേഖരണം നടത്തുന്നു.

ഗ്രൂപ്പ് I - പ്രിൻസിപ്പേറ്റ് ഭരണം

ഗ്രൂപ്പ് II - ചക്രവർത്തി, പ്രഭുവർഗം, സൈന്യം

ഗ്രൂപ്പ് III - മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി

ഗ്രൂപ്പ് IV - സാംസ്കാരിക ജീവിതം

ഓരോ ഗ്രൂപ്പും വിവരശേഖരണം നടത്തി ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു. ക്ലാസിലെ പൊതു ചർച്ചയ്ക്ക് ശേഷം ഓരോരുത്തരും 'റോമാ സാമ്രാജ്യത്തിലെ രാഷ്ട്രീയ സാംസ്കാരിക ജീവിതം' എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ റിപ്പോർട്ട് തയാറാക്കുന്നു. ചുവടെ കൊടുത്തിട്ടുള്ള ധാരണകൾ ഓരോ കുട്ടിയും നേടി എന്ന് അധ്യാപകൻ ഉറപ്പാക്കണം.

- ബി.സി. 27-ൽ അഗസ്റ്റസ് സീസർ പ്രിൻസിപ്പേറ്റ് ഭരണം സ്ഥാപിച്ചു.
- ചക്രവർത്തിമാരുടെ വിധിപോലും നിർണയിച്ചിരുന്ന ശക്തമായ വിഭാഗമായിരുന്നു റോമാസാമ്രാജ്യത്തിലെ സൈന്യം.
- ഭരണത്തിന്റെ അടിത്തറ കാർത്തേജ്, അലക്സാണ്ടറിയ, ആന്റിയോക്ക് തുടങ്ങിയ മെഡിറ്ററേനിയൻ നഗരകേന്ദ്രങ്ങളായിരുന്നു.
- എ.ഡി. മൂന്നാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യം ശക്തമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു.
- റോമാ സാമ്രാജ്യം വൈവിധ്യങ്ങളുടെ നാടായിരുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- റോമാ സാമ്രാജ്യത്തിലെ സൈന്യത്തിന് നിരവധി സവിശേഷതകളുണ്ടായിരുന്നു. വിശദീകരിക്കുക.
- എ.ഡി. മൂന്നാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യം നേരിട്ട പ്രതിസന്ധിയുടെ വിവിധ കാരണങ്ങൾ എന്തെല്ലാമായിരുന്നു?

**തുടർപ്രവർത്തനങ്ങൾ**

- റോമാസാമ്രാജ്യത്തിന്റെ സാമൂഹിക രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് ഒരു ലേഖനം തയാറാക്കുക.

# അധ്യായം - 3

# മധ്യപൗരസ്ത്യ ദേശത്തെ ഇസ്ലാം

സമയം : 4 മണിക്കൂർ

**ആമുഖം**

ഇസ്ലാം ഒരു വിശ്വാസത്തിനപ്പുറം ഒരു രാഷ്ട്രീയ അധികാരത്തിന്റെ ചാലക ശക്തിയായി മാറിയ സാഹചര്യങ്ങളാണ് ഈ പാഠത്തിന്റെ മുഖ്യ പ്രതിപാദ്യം. നാടോടികളായ ഗോത്രാധിഷ്ഠിത ജീവിതം നയിച്ചിരുന്ന ഒരു ജനവിഭാഗം എങ്ങനെയാണ് ഒരു പരിഷ്കൃത സമൂഹമായി മാറി എന്നും, പ്രവാചകനും നാല് ഖലീഫമാർക്കും ശേഷം രാജഭരണത്തിലേക്കുള്ള മാറ്റവും, സാംസ്കാരിക വൈജ്ഞാനിക രംഗത്ത് അറബികൾ നൽകിയ സംഭാവനകളും പാഠഭാഗത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • ഇസ്ലാമിന്റെ ആവിർഭാവം - വിശ്വാസം, സമുദായം, രാഷ്ട്രീയം | • ചർച്ച | • ഇസ്ലാമിന്റെ ആവിർഭാവത്തെയും വ്യാപനത്തെയും വിലയിരുത്തുന്നു.<br>• അറേബ്യൻ ഗോത്ര വിഭാഗത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു. |
| • ഖലീഫ ഭരണകാലം വ്യാപനവും ആഭ്യന്തര കലാപവും | • ഖലീഫ ഭരണകാലം പട്ടികപ്പെടുത്തൽ<br>**വിലയിരുത്തൽ**<br>• വിവരശേഖരണം<br>• സമഗ്രത<br>• ചർച്ചയിലെ പങ്കാളിത്തം | • മക്കാപട്ടണത്തിന്റെ മതപരവും വാണിജ്യപരവും സാംസ്കാരികവുമായ പ്രാധാന്യം തിരിച്ചറിയുന്നു.<br>• പ്രവാചകാനന്തര ഇസ്ലാമിക രാഷ്ട്രം നേരിട്ട പ്രശ്നങ്ങളെ വിശദമാക്കുന്നു.<br>• ആദ്യത്തെ 4 ഖലീഫമാരുടെ കാലഘട്ടത്തിലെ ഭരണരീതി വിശകലനം ചെയ്യുന്നു. |
| • ഉമയ്യദുകളും ഭരണ ഏകീകരണവും | • ചർച്ച | • ഉമയ്യദുകളുടെ ഭരണ സംവിധാനത്തെ വിമർശനാത്മകമായി വിലയിരുത്തുന്നു. |
| • അബ്ബാസിയാ വിപ്ലവം | • ചർച്ച, താരതമ്യപഠനം, ചാർട്ട് തയാറാക്കൽ | • അബ്ബാസിയ വിപ്ലവത്തെ വിശകലനം ചെയ്യുന്നു. |
| • ഖലീഫ ഭരണത്തിന്റെ തകർച്ചയും സുൽത്താൻ ഭരണത്തിന്റെ തുടർച്ചയും- കുരിശുയുദ്ധങ്ങൾ | • ചർച്ച | • ഖലീഫ ഭരണത്തിന്റെ ഭരണക്രമവും സുൽത്താൻ ഭരണത്തിന്റെ ഭരണക്രമവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുന്നു. |

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • വിജ്ഞാനവും സംസ്കാരവും | • അറബികളുടെ സംഭാവനകളെ സംബന്ധിച്ച സെമിനാർ | • വൈജ്ഞാനിക, സാംസ്കാരിക, ദാർശനിക, നിയമ മേഖലകളിലുള്ള അറബികൾ നൽകിയ സംഭാവനകളെ വില യിരുത്തുന്നു. |

**പാഠഭാഗത്തേയ്ക്ക്**

ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പുള്ള അറേബ്യയിലെ സാമൂഹ്യ അവസ്ഥ ആമുഖമായി അധ്യാപകൻ അവതരിപ്പിക്കുന്നു. അറേബ്യൻ സമൂഹത്തിന്റെ സ്വഭാവവും ജീവിതശൈലിയും ചർച്ചയ്ക്ക് വിധേയമാക്കുന്നു. തുടർന്ന് അധ്യാപകർ താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.

- മണലാരണ്യ ജീവിതം അറബികളുടെ ജീവിതത്തെ സ്വാധീനിച്ചതെങ്ങനെ?
- ഗോത്ര ജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
- മക്കയുടെ മതപരവും വാണിജ്യപരവുമായ പ്രാധാന്യം എന്തെല്ലാമായിരുന്നു?

പഠിതാക്കളുടെ മറുപടികൾ ചുരുക്കി അധ്യാപകൻ ബോർഡിൽ എഴുതുന്നു. മേൽ ചർച്ച ചെയ്ത സമൂഹ ത്തിലേക്കായിരുന്നു പ്രവാചകൻ മുഹമ്മദ് തന്റെ സന്ദേശം പ്രചരിപ്പിച്ചത് എന്നും അതിന് ശേഷമുണ്ടായ കാര്യ ങ്ങളും ചെറിയരൂപത്തിൽ അധ്യാപകൻ അവതരിപ്പിക്കുന്നു. ശേഷം പഠിതാക്കളെ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. (വിഷയാധിഷ്ഠിതമായി)

ഗ്രൂപ്പ് I - മുഹമ്മദ് നബിയും ഇസ്ലാമിക തത്വങ്ങളും
ഗ്രൂപ്പ് II - മക്കാനിവാസികൾ പ്രവാചകനെ എതിർത്ത സാഹചര്യം
ഗ്രൂപ്പ് III - ഇസ്ലാമിക സ്റ്റേറ്റിന്റെ രൂപീകരണവും ഖലീഫാ ഭരണകാലവും
ഗ്രൂപ്പ് IV - ആഭ്യന്തര കലാപവും വർഗ രൂപീകരണവും
ഗ്രൂപ്പ് V - ഉമയ്യദ് ഭരണത്തിന്റെ തുടക്കവും വളർച്ചയും

സമ്പർക്ക ക്ലാസിലെ 30 മിനിറ്റ് സമയം തുടർവായന സാമഗ്രി വായിച്ച് വിവര ശേഖരണം നടത്തുന്നു. ശേഷം ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധി ഗ്രൂപ്പിൽ തയാറാക്കിയത് അവതരിപ്പിക്കുന്നു. അവതരണത്തിന് ശേഷം ചർച്ച. ചർച്ചയിൽ ആവശ്യമായവ കൂട്ടിച്ചേർക്കുന്നു. ശേഷം അധ്യാപകന്റെ ക്രോഡീകരണത്തിന് ശേഷം സമഗ്രമായ റിപ്പോർട്ട് തയാറാക്കി അടുത്ത സമ്പക്ക ക്ലാസിൽ അവതരിപ്പിക്കാം.

അബ്ബാസിയാ വിപ്ലവത്തെക്കുറിച്ചും ഖലീഫാ ഭരണത്തിന്റെ അന്ത്യവും സുൽത്താനേറ്റുകളുടെ തുടർച്ചയും എന്ന പാഠഭാഗം അധ്യാപകൻ ആമുഖമായി അവതരിപ്പിക്കണം. ഇസ്ലാമിക ഭരണത്തിന്റെ തുടർച്ച അവകാശപ്പെ ട്ടുവന്ന ഉമയ്യദ് ഭരണം നിലവിൽ വന്നതോടെയുണ്ടായ മാറ്റങ്ങൾ അധ്യാപകൻ ബോർഡിൽ എഴുതുന്നു. ശേഷം അബ്ബാസിയ വിഭാഗത്തിന്റെ ഭരണത്തിന് ഇടയാക്കിയ സാഹചര്യം ക്ലാസിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു. ശേഷം ഉമയ്യദുകളുടെയും അബ്ബാസിയ വിഭാഗത്തിന്റെയും ഭരണം താരതമ്യം ചെയ്യുന്നു. ഉപയോഗിക്കേണ്ട സമയം 20 മിനിട്ട്.

അബ്ബാസിയാ ഭരണത്തിനു ശേഷം ഉയർന്നുവന്ന സുൽത്താനേറ്റ് ഭരണം ഇസ്ലാമിക ലോകത്ത് വരുത്തിയ മാറ്റങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നു. ബാഗ്ദാദിലും ഇറാനിന്റെ പടിഞ്ഞാറുഭാഗങ്ങളിലുമായി ഉയർന്നുവന്ന പുതിയ ഭരണകൂടങ്ങളെയും സാമ്രാജ്യ മോഹങ്ങളെക്കുറിച്ചും ക്ലാസിൽ പൊതു ചർച്ച നടക്കുന്നു. അധ്യാപകന്റെ ക്രോഡീകരണത്തിന് ശേഷം ചർച്ചാക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കട്ടെ. 15 മിനിട്ട് സമയ മാണ് ഇതിന് അനുവദിച്ചിട്ടുള്ളത്.

സുൽത്താനേറ്റ് ഭരണത്തിൽ ഇസ്ലാമിക ലോകത്തുണ്ടായ പ്രധാന സംഭവമായിരുന്നു കുരിശുയുദ്ധങ്ങൾ എന്ന് ആമുഖമായി ടീച്ചർ ക്ലാസിൽ പറയുന്നു. ശേഷം കുരിശു യുദ്ധങ്ങളിലേക്ക് നയിച്ച കാരണങ്ങൾ പട്ടികപ്പെടുത്തി ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുരിശുയുദ്ധങ്ങളുടെ ഫലങ്ങൾ ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കട്ടെ. 20 മിനിട്ട് സമയമാണ് ഇതിനായുള്ളത്.

ഇതുവരെ നാം ചർച്ച ചെയ്തത് ഇസ്ലാമിക ഭരണ സ്ഥാപനവും അതിന്റെ വളർച്ചയുമാണ്. ഇനി നാം ചർച്ച ചെയ്യുന്നത് സാംസ്കാരിക വൈജ്ഞാനിക രംഗത്തുണ്ടായ പുരോഗതിയെക്കുറിച്ചാണെന്ന് അധ്യാപകൻ ആമു ഖമായി പറയുന്നു. പഠിതാക്കൾ ഗ്രൂപ്പുതിരിഞ്ഞ് സ്വയംപഠന സാമഗ്രി ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നു. ഗ്രൂപ്പിൽ നിന്നൊരാൾ അവതരിപ്പിക്കട്ടെ. ശേഷം പൊതുചർച്ച. അധ്യാപകന്റെ ക്രോഡീകരണത്തിന് ശേഷം അടുത്ത സമ്പർക്ക ക്ലാസിൽ സെമിനാർ റിപ്പോർട്ട് അവതരിപ്പിക്കാവുന്നതാണ്.

**തുടർ പ്രവർത്തനങ്ങൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട മറ്റ് പുസ്തകങ്ങൾ ശേഖരിക്കൽ.

# അധ്യായം - 4

# മംഗോളിയൻ സാമ്രാജ്യം

സമയം : 2.30 മണിക്കൂർ

**ആമുഖം**

നാടോടികളായി അലഞ്ഞു നടന്നിരുന്ന മംഗോളിയൻ ജനത എങ്ങനെയാണ് ഒരു മഹത്തായ സാമ്രാജ്യമായി മാറിയത് എന്നാണ് ഈ അധ്യായത്തിൽ വിശദീകരിക്കുന്നത്. മംഗോളിയൻ ജനതയെ ഏകീകരിക്കുന്നതിൽ ചെങ്കിസ്ഖാൻ വഹിച്ച പങ്ക്, ചെങ്കിസ്ഖാന്റെ ഭരണനേട്ടങ്ങൾ, ചെങ്കിസ്ഖന് ശേഷമുള്ള മംഗോളിയൻ ചരിത്രം, മംഗോളിയൻ സാമ്രാജ്യത്തിന്റെ അധപതനത്തിന്റെ കാരണങ്ങൾ എന്നിവയെല്ലാം ഈ അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നു. ഒരു അപരിഷ്കൃതസമൂഹമായിരുന്ന മംഗോളിയരെ പരിഷ്കൃതവും, ശക്തവുമായ സൈന്യമാക്കുന്നതിൽ ചെങ്കിസ്ഖാൻ വഹിച്ച പങ്കിനെക്കുറിച്ച് വ്യക്തമായ ധാരണ ഈ പാഠഭാഗത്തിലൂടെ പഠിതാക്കൾ നേടിയിരിക്കണം.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • മംഗോളിയരുടെ ആക്രമണങ്ങൾ-സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം | • ഭൂപട വിശകലനം, ചർച്ച<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• സമഗ്രത<br>• റിപ്പോർട്ട് | • മംഗോളിയൻ ജനതയെ ഏകോപിപ്പിച്ച ഘടകങ്ങളെ തിരിച്ചറിയുന്നു. |
| • ചെങ്കിസ്ഖാൻ - മംഗോളിയൻ സാമ്രാജ്യം. | • സെമിനാർ<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• വിവരശേഖരണം<br>• സമഗ്രത<br>• അവതരണം<br>• റിപ്പോർട്ട് | • മംഗോളിയൻ സാമ്രാജ്യ സ്ഥാപിക്കുന്നതിൽ ചെങ്കിസ്ഖാൻ വഹിച്ച പങ്ക് വിശദമാക്കുന്നു. |
| • മംഗോളിയരുടെ സാമൂഹ്യ, രാഷ്ട്രീയ, സൈനിക സംവിധാനം-കുറിൽടൈയ് -യാസ | • ചർച്ച<br>**വിലയിരുത്തൽ**<br>• സമഗ്രത<br>• അവതരണം<br>• വിവരശേഖരണം | • ചെങ്കിസ്ഖാന്റെ ഭരണനേട്ടങ്ങളെ വിശകലനം ചെയ്യുന്നു. |
| • ചെങ്കിസ്ഖാന് ശേഷമുള്ള മംഗോളിയൻ ചരിത്രം | • ചർച്ച<br>**വിലയിരുത്തൽ**<br>• റിപ്പോർട്ട്<br>• സമഗ്രത | • ചെങ്കിസ്ഖാന് ശേഷമുള്ള മംഗോളിയൻ ചരിത്രം തിരിച്ചറിയുന്നു. |
| • മംഗോളിയൻ സാമ്രാജ്യം- അധ:പതനം | • പാനൽ ചർച്ച<br>**വിലയിരുത്തൽ**<br>• പങ്കാളിത്തം<br>• വിവരശേഖരണം<br>• അവതരണം | • മംഗോളിയൻ സാമ്രാജ്യത്തിന്റെ അധ:പതനം വിലയിരുത്തുന്നു. |

**പാഠത്തിലേക്ക്**

അധ്യാപകന്റെ ആമുഖത്തോടെ പാഠഭാഗം ആരംഭിക്കുന്നു. തുടർന്ന് അധ്യാപകൻ ലോകഭൂപടത്തിൽ മംഗോളിയ അടയാളപ്പെടുത്തുവാൻ ആവശ്യപ്പെടുന്നു. അധ്യാപകന്റെ സഹായത്തോടെ പഠിതാക്കൾ മംഗോളിയ അടയാളപ്പെടുത്തുന്നു. തുടർന്ന് മംഗോളിയൻ ആക്രമണങ്ങൾ, മംഗോളിയയുടെ സാമൂഹിക പശ്ചാത്തലം എന്നിവയെ സംബന്ധിച്ച ഒരു പൊതുചർച്ച സംഘടിപ്പിക്കുന്നു. പഠിതാക്കൾ ചർച്ചാ കുറിപ്പ് അവതരിപ്പിക്കുന്നു. ഇതിനായി 40 മിനിട്ട് ഉപയോഗിക്കാം. തുടർന്ന് ഒരു സെമിനാറിലൂടെ മംഗോളിയൻ സാമ്രാജ്യം സ്ഥാപിക്കുന്നതിലുള്ള ചെങ്കിസ്ഖാന്റെ പങ്ക് വിശദമാക്കാം. ഇതിന് 30 മിനിറ്റ് ഉപയോഗിക്കാം. സ്വയം പഠന സാമഗ്രിയിലെ ഇവ വിശദമാക്കുന്ന ഭാഗങ്ങൾ വായനയ്ക്കായി നൽകുന്നു. പിന്നീട് കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു. അവ അധ്യാപകന്റെ കൂട്ടിച്ചേർക്കലോടെ ക്രോഡീകരിക്കുന്നു. തുടർന്ന് മംഗോളിയയുടെ സാമൂഹ്യ-രാഷ്ട്രീയ-സൈനിക സംവിധാനത്തെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കാം. ഇതിന് 20 മിനിട്ട് ഉപയോഗിക്കാം. പഠിതാക്കൾ ചർച്ചാക്കുറിപ്പ് അവതിപ്പിക്കട്ടെ. പിന്നീട് ഒരു പൊതു ചർച്ചയിലൂടെ ചെങ്കിസ്ഖാന് ശേഷമുള്ള മംഗോളിയൻ ചരിത്രം വിശദീകരിക്കാം. സ്വയം പഠന സാമഗ്രിയിലെ ഇവ വിശദമാക്കുന്ന ഭാഗങ്ങൾ പഠിതാക്കൾക്ക് നൽകാം. കുറിപ്പ് തയാറാക്കി അവതരിപ്പിക്കട്ടെ. തുടർന്ന് മംഗോളിയൻ സാമ്രാജ്യത്തിന്റെ അധഃപതനത്തെ സംബന്ധിച്ചുള്ള ഒരു പാനൽ ചർച്ച സംഘടിപ്പിക്കാം. ഇതിനായി 30 മിനിട്ട് ഉപയോഗിക്കാം. ചർച്ചയ്ക്കും, അവതരണത്തിനും ശേഷം പഠിതാക്കൾ ഒരു പാനൽ റിപ്പോർട്ട് തയാറാക്കുവാൻ ആവശ്യപ്പെടുന്നു. അടുത്ത സമ്പർക്ക ക്ലാസിൽ അവ അവതരിപ്പിക്കാനും ആവശ്യപ്പെടുന്നു.

**തുടർപ്രവർത്തനം**

- ചെങ്കിസ്ഖാന് ലോകചരിത്രത്തിലുള്ള പ്രാധാന്യം കണ്ടെത്തി ഒരു ലേഖനം തയാറാക്കുക.

# അധ്യായം - 5

# ഫ്യൂഡലിസം

സമയം : 3 മണിക്കൂർ

**ആമുഖം**

ഒമ്പതും പതിനാറും നൂറ്റാണ്ടുകൾക്കിടയിൽ പടിഞ്ഞാറൻ യൂറോപ്പിൽ നിലനിന്ന ഫ്യൂഡലിസം എന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ചാണ് ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നത്. ഫ്യൂഡലിസത്തിന്റെ ആവിർഭാവവും, അതിന്റെ വളർച്ചയും പിന്നീട് സാമൂഹിക-സാമ്പത്തിക മേഖലക ളിലുണ്ടാക്കിയ പ്രതിഫലനവും ഈ അധ്യായത്തിൽ വിശദമാക്കുന്നു. ഫ്യൂഡലിസത്തിന്റെ മൂന്നു ക്രമ ങ്ങളുടെ വിശദമായ ചർച്ചയ്ക്കു പുറമെ പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധിയുടെ കാരണങ്ങളെക്കു റിച്ചും, അവ യൂറോപ്പിന്റെ സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും ഈ യൂണിറ്റിൽ വിശദമായി പ്രതിപാദിക്കുന്നു. ഫ്യൂഡലിസം യൂറോപ്പിലെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിൽ വരുത്തിയ അടിസ്ഥാന മാറ്റങ്ങളെക്കുറിച്ചും, അതിന്റെ പ്രതിഫലനത്തെക്കുറിച്ചുമുള്ള വ്യക്ത മായ ധാരണ ഈ പാഠഭാഗത്തിലൂടെ പഠിതാക്കൾ നേടേണ്ടതുണ്ട്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • ഫ്യൂഡലിസം - സവിശേഷതകൾ-ആവിർഭാവം | • ചർച്ച<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• റിപ്പോർട്ട്<br>• ശേഷി<br>• അവതരണം | • ഫ്യൂഡലിസത്തിന്റെ ആവിർഭാവം വിശകലനം ചെയ്യുന്നു.<br>• ഫ്യൂഡലിസത്തിന്റെ വളർച്ചയെ സഹായിച്ച ഘടകങ്ങളും പ്രധാന സവിശേഷതകളും വിലയിരുത്തുന്നു. |
| • മൂന്നു ക്രമങ്ങൾ - പുരോഹിത വർഗം, പ്രഭുക്കന്മാർ, കർഷകർ, മനോറിയൽ എസ്റ്റേറ്റ്, നൈറ്റുകൾ | • സെമിനാർ<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• വിവരശേഖരണം<br>• അവതരണം<br>• റിപ്പോർട്ട് | • ഫ്യൂഡലിസത്തിലെ മൂന്നുക്രമങ്ങൾ തിരിച്ചറിയുന്നു.<br>• മനോറിയൽ എസ്റ്റേറ്റുകളുടെയും നൈറ്റുകളുടെയും പ്രത്യേകതകൾ കണ്ടെത്തുന്നു. |
| • സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ | • ഗ്രൂപ്പ് ചർച്ച<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• സമഗ്രത<br>• അവതരണം<br>• ശേഷി:-<br>അവതരണശേഷി | • സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെയും പുതിയ കാർഷിക വിദ്യയെയും വിലയിരുത്തുന്നു. |
| • പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധി-സാമൂഹിക അസ്വസ്ഥത രാഷ്ട്രീയ മാറ്റങ്ങളുടെ ആവിർഭാവം -ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം | • ചർച്ച<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• അവതരണം<br>• സമഗ്രത<br>• പങ്കാളിത്തം<br>ശേഷികൾ<br>• ആശയവിനിമയശേഷി<br>• അവതരണശൈലി | • പുതിയ പട്ടണങ്ങളും ഗിൽഡ് സമ്പ്രദായവും വിശകലനം ചെയ്യുന്നു<br>• സാമൂഹിക-രാഷ്ട്രീയ മാറ്റങ്ങളെ കുറിച്ച് വിലയിരുത്തുന്നു.<br>• ദേശരാഷ്ട്രങ്ങളുടെ ഉദയത്തിന്റെ കാരണങ്ങൾ തിരിച്ചറിയുന്നു. |

**പാഠത്തിലേക്ക്**

അധ്യാപകന്റെ ആമുഖത്തോടെ പാഠഭാഗം ആരംഭിക്കുന്നു. തുടർന്ന് ഫ്യൂഡലിസം എന്താണ്? എന്ന ചോദ്യത്തിലൂടെ അത് എന്തെന്ന് വിശദീകരിക്കുന്നു. തുടർന്ന് ഒരു പൊതു ചർച്ചയിലൂടെ ഫ്യൂഡലിസത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു. പഠിതാക്കൾ ചർച്ചാകുറിപ്പ് അവതരിപ്പിക്കുന്നു. ഇതിനായി 30 മിനിട്ട് ഉപയോഗിക്കാം. തുടർന്ന് പാഠഭാഗം 65-ാം പേജിൽ നൽകിയിരിക്കുന്ന ചിത്രം കാണിക്കുന്നു. പഠിതാക്കളെക്കൊണ്ട് അവ വായിപ്പിക്കാം. അധ്യാപകന്റെ വിശദീകരണത്തോടെ അന്നത്തെ സമൂഹം മൂന്ന് തട്ടുകളായാണ് നിലനിന്നിരുന്നത് എന്ന് കുട്ടിയെ ബോധ്യപ്പെടുത്താം. തുടർന്ന് ഫ്യൂഡലിസത്തിന്റെ മൂന്നു ക്രമങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ തയാറാക്കി അവതരിപ്പിക്കുവാൻ ആവശ്യപ്പെടാം. പഠിതാക്കളെ 3 ഗ്രൂപ്പുകളായി തിരിക്കാം. ഓരോ ഗ്രൂപ്പിനും ചുവടെ തന്നിരിക്കുന്ന വിഷയം നൽകാം.

ഗ്രൂപ്പ് I - പുരോഹിതവർഗം

ഗ്രൂപ്പ് II - പ്രഭുക്കന്മാർ

ഗ്രൂപ്പ് III - കർഷകർ

സ്വയംപഠന സാമഗ്രിയിലെ ഇത് വിശദമാക്കുന്ന ഭാഗങ്ങൾ വായനയ്ക്കായി നൽകുന്നു. ഇതിനായി 30 മിനിട്ട് ഉപയോഗിക്കാം. പിന്നീട് കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു. അവ അധ്യാപകന്റെ കൂട്ടിച്ചേർക്കലോടെ ക്രോഡീകരിക്കുന്നു. തുടർന്ന് പതിനാലാം നൂറ്റാണ്ടിലെ പ്രതിസന്ധി എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുന്നു. ഇതിനായി 40 മിനിട്ട് ഉപയോഗിക്കാം. ചർച്ചയിൽ ഉയർന്നു വരുന്ന കാര്യങ്ങൾ പഠിതാക്കൾക്ക് ചർച്ചാകുറിപ്പായി തയാറാക്കി അവതരിപ്പിക്കാവുന്നതാണ്. അവതരണത്തിനും, ചർച്ചയ്ക്കും ശേഷം പഠിതാക്കളോട് ഒരു ചർച്ചാ റിപ്പോർട്ട് തയാറാക്കുവാൻ ആവശ്യപ്പെടുന്നു. അത് അടുത്ത സമ്പർക്കക്ലാസിൽ അവതരിപ്പിക്കാനും ആവശ്യപ്പെടുന്നു.

**തുടർപ്രവർത്തനം**

ഫ്യൂഡൽ കാലഘട്ടത്തിലെ മൂന്നുക്രമങ്ങളെക്കുറിച്ച് ഒരു സെമിനാർ പ്രബന്ധം തയാറാക്കുക.

പരിഗണിക്കേണ്ട മേഖലകൾ

- പുരോഹിതവർഗം
- പ്രഭുവർഗം
- കർഷകർ

# അധ്യായം - 6

# നവോത്ഥാനം

സമയം : 3 മണിക്കൂർ

**ആമുഖം**

നവോത്ഥാന കാലഘട്ടം ആധുനികയുഗത്തിലെ സുപ്രധാനകാലഘട്ടങ്ങളിൽ ഒന്നായിരുന്നു. നവോത്ഥാന കാലഘട്ടത്തിൽ യൂറോപ്പിന്റെ വിവിധ മേഖലകളിലുണ്ടായ മാറ്റങ്ങളാണ് ഈ പാഠഭാഗത്തിൽ പ്രതിപാദിക്കുന്നത്. നവോത്ഥാനത്തിന് വഴിതെളിച്ച ഘടകങ്ങൾ, ശാസ്ത്രം, കല, തത്വചിന്ത, ചിത്രകല, വാസ്തുശില്പം എന്നിവയിൽ നവോത്ഥാനം ചെലുത്തിയ സ്വാധീനം എന്നിവയെക്കുറിച്ചും ഇവിടെ വിശദമായി പ്രതിപാദിക്കുന്നു. നവോത്ഥാനം ലോകത്തിനു നൽകിയ സംഭാവനകളെക്കുറിച്ചുള്ള ഒരു പൊതുവായ ധാരണ ഈ പാഠഭാഗത്തിലൂടെ പഠിതാക്കൾ നേടിയെടുക്കണം. പാഠഭാഗവുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും പഠിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കണം.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • ഇറ്റാലിയൻ നഗരങ്ങളുടെ ഉയർച്ച | • ഭൂപട വിശകലനം<br>• ചർച്ച | • നവോത്ഥാനത്തിന് വഴി തെളിച്ച ഘടകങ്ങൾ വിശകലനം ചെയ്യുന്നു. |
| • മാനവികത | • ചർച്ച<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• പങ്കാളിത്തം<br>• സമഗ്രത<br>• റിപ്പോർട്ട്<br>ശേഷികൾ:-<br>• നിരീക്ഷണ പാടവം | • മാനവികതയുടെ പ്രാധാന്യം വിലമതിക്കുന്നു. |
| • നവോത്ഥാനത്തിന്റെ സ്വാധീനം-സാഹിത്യം, കല, ശാസ്ത്രം, തത്വചിന്ത, മതം | • സെമിനാർ<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• പങ്കാളിത്തം<br>• വിവരശേഖരണം<br>• അവതരണം<br>• റിപ്പോർട്ട്<br>ശേഷി:-<br>• ആശയവിനിമയശേഷി | • നവോത്ഥാനം സാഹിത്യം കല, ശാസ്ത്രം, തത്വചിന്ത, മതം എന്നീ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുന്നു. |
| • മതനവീകരണം<br>• കോപ്പർനിക്കസ്സിന്റെ ആശയങ്ങൾ | • പാനൽ ചർച്ച<br>**വിലയിരുത്തൽ സൂചകങ്ങൾ**<br>• വിവരശേഖരണം<br>• അവതരണം<br>• സമഗ്രത<br>• റിപ്പോർട്ട്<br>ശേഷി:-<br>• അവതരണശൈലി | • കോപ്പർനിക്കസ്സിനേയും അദ്ദേഹത്തിന്റെ ശാസ്ത്ര നേട്ടങ്ങളേയും തിരിച്ചറിയുന്നു. |

**പാഠഭാഗത്തേക്ക്**

അധ്യാപകന്റെ ആമുഖത്തോടെ പാഠഭാഗം ആരംഭിക്കുന്നു. തുടർന്ന് യൂറോപ്പിന്റെ ഭൂപടത്തിൽ ഇറ്റലി അടയാളപ്പെടുത്തുവാൻ അധ്യാപകൻ ആവശ്യപ്പെടുന്നു. അധ്യാപകന്റെ സഹായത്തോടെ ഇറ്റലിയും, ഇറ്റാലിയൻ നഗരങ്ങളും പഠിതാക്കൾ അടയാളപ്പെടുത്തുന്നു. തുടർന്ന് ഇവിടെയാണ് നവോത്ഥാനത്തിന് തുടക്കമിട്ടത് എന്ന് അധ്യാപകൻ പഠിതാക്കളെ ബോധ്യപ്പെടുത്തുന്നു. മാനവികതയായിരുന്നു നവോത്ഥാനത്തിന്റെ പ്രധാന ആശയം എന്ന് പഠിതാക്കളെ ഓർമ്മപ്പെടുത്തുന്നു. തുടർന്ന് നവോത്ഥാനത്തിന്റെ സ്വാധീനം എന്ന വിഷയത്തിൽ ഒരു പൊതു ചർച്ച സംഘടിപ്പിക്കുന്നു. ഇതിനായി 30 മിനിട്ട് ഉപയോഗിക്കാം. പഠിതാക്കൾ ചർച്ചാകുറിപ്പ് അവതരിപ്പിക്കുന്നു. നവോത്ഥാനത്തിന് വഴിതെളിച്ച ഘടകങ്ങൾ കുട്ടികൾ പട്ടികപ്പെടുത്തട്ടെ. അതിനുശേഷം ശാസ്ത്രം, തത്വചിന്ത, വാസ്തുവിദ്യ, കല എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുന്നു. ഇതിനായി 40 മിനിട്ട് ഉപയോഗിക്കാവുന്നതാണ്. പഠിതാക്കളെ 4 ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും താഴെ നൽകിയിരിക്കുന്ന വിഷയങ്ങൾ നൽകുന്നു.

(I) ശാസ്ത്രം (III) വാസ്തു വിദ്യ

(II) തത്വചിന്ത (IV) കല

അതിനുശേഷം പഠിതാക്കൾ സെമിനാർ അവതരിപ്പിക്കുന്നു. എല്ലാ ഗ്രൂപ്പും അവതരിപ്പിച്ചതിനുശേഷം ചില കൂട്ടിച്ചേർക്കലുകളും, തിരുത്തലുകളും അധ്യാപകൻ നടത്തുന്നു. തുടർന്ന് കോപ്പർ നിക്കസിന്റെ ആശയങ്ങൾ എന്ന വിഷയത്തിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുന്നു. അതിനായി 40 മിനിട്ട് ഉപയോഗപ്പെടുത്താം. 3 ഗ്രൂപ്പുകളായി തിരിച്ച് വിഷയം നൽകാം. താഴെ തന്നിരിക്കുന്ന വിഷയങ്ങൾ നൽകാം.

1. ഗലീലിയോ
2. കെപ്ലർ
3. കോപ്പർനിക്കസ്

ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ പഠിതാവിനെ തെരഞ്ഞെടുത്ത് ഒരു പാനൽ തയാറാക്കുന്നു. പഠിതാക്കൾക്ക് പാനലിലേക്ക് ചോദ്യങ്ങൾ ചോദിച്ച് സംശയ നിവൃത്തി വരുത്താവുന്നതാണ്. ഓരോ പഠിതാവിനും ചോദ്യം ചോദിക്കാൻ അവസരം നൽകാവുന്നതാണ്. പാനലിന്റെ അവതരണത്തിനുശേഷം ഒരു പാനൽ റിപ്പോർട്ട് തയാറാക്കാൻ ആവശ്യപ്പെടുന്നു. അത് അടുത്ത സമ്പർക്കക്ലാസിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

**തുടർപ്രവർത്തനം**

- നവോത്ഥാനകാലഘട്ടത്തിലെ തത്വചിന്ത, കല, വാസ്തുകല എന്നിവ ഉൾപ്പെടുത്തി ഒരു പ്രബന്ധം തയാറാക്കുക.

# അധ്യായം - 7

# അധിനിവേശവും ചെറുത്തുനിൽപ്പും

സമയം : 3 മണിക്കൂർ

**ആമുഖം**

ഇന്നത്തെ ലോകത്തെ വൻശക്തികളിലൊന്നായ അമേരിക്കയുടെ കഴിഞ്ഞകാലത്തെ ജനജീവിതവും അവർ നേരിട്ട പ്രതിസന്ധികളും ആ പ്രതിസന്ധികളെ അതിജീവിക്കാൻ അവർ നടത്തിയ പോരാട്ടങ്ങളുമാണ് ഇവടെ പ്രതിപാദിക്കുന്നത്. പാഠഭാഗത്ത് തന്നിട്ടുള്ള പ്രവർത്തനങ്ങളിലൂടെയും ചോദ്യങ്ങൾ വിശകലനം ചെയ്തു കൊണ്ടുമാകണം ഈ ആശയങ്ങൾ വിനിമയം ചെയ്യേണ്ടത്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങൾ-ആസ്ടെക്കുകൾ, മായന്മാർ, ഇൻകകൾ | • ഭൂപട വിശകലനം<br>• ആദ്യകാല സംസ്കാരങ്ങളെക്കുറിച്ചുള്ള സെമിനാർ<br>**വിലയിരുത്തൽ**<br>• പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• നിഗമനങ്ങൾ രൂപപ്പെടുത്തൽ<br>• സെമിനാർ പേപ്പർ<br>ശേഷികൾ:-<br>• ഭൂപട വിശകലന ശേഷി<br>• അഭിപ്രായ രൂപീകരണ ശേഷി<br>• അഭിപ്രായം പ്രകടിപ്പിക്കാനുള്ള ശേഷി | • അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങളായ ആസ്ടെക്, മായൻ, ഇൻക സംസ് കാരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു. |
| • യൂറോപ്യന്മാരുടെ സമുദ്ര പര്യവേഷണങ്ങൾ-കൊളംബസ്, കബ്രാൾ-അമേരിക്കയിലെ സ്പാനിഷ് സാമ്രാജ്യം-കോളനികളും അടിമവ്യാപാരവും | • ഭൂമിശാസ്ത്ര പര്യവേഷണങ്ങൾ ഭൂപടത്തിന്റെ സഹായത്താൽ കണ്ടെത്തുന്നു.<br>• ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ചർച്ച<br>**വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• ചർച്ചാകുറിപ്പ്<br>• പട്ടിക | • ഭൂമിശാസ്ത്ര പര്യവേഷങ്ങളെ തിരച്ചറിയുന്നു.<br>• ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ സ്വാധീനം വിലയിരുത്തുന്നു.<br>• ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങൾ പട്ടികപ്പെടുത്തുന്നു. |
| • അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികളുടെ സ്വാതന്ത്ര്യ സമരം – ലാറ്റിനമേരിക്കയിലെ സ്വാതന്ത്ര്യ സമരം-സൈമൺ ബോളിവർ-ജോസെസാൻ മാർട്ടിൻ | • അമേരിക്കയുടെ 13 കോളനികളെ പട്ടികപ്പെടുത്തൽ<br>• അമേരിക്കൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള ചർച്ച<br>• ലാറ്റിനമേരിക്കൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് പാനൽ ചർച്ച<br>**വിലയിരുത്തൽ**<br>• വിവരശേഖരണം • പട്ടിക<br>• സെമിനർ പേപ്പർ • ചർച്ചാകുറിപ്പ്<br>• യൂണിറ്റ് ടെസ്റ്റ്<br>• പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>ശേഷികൾ:-<br>• നിരീക്ഷണപാടവം<br>• അവതരണശൈലി | • അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികളെ തിരിച്ചറിയുന്നു.<br>• അമേരിക്കയുടെ സ്വാതന്ത്ര്യ സമരത്തെ വിശകലകലനം ചെയ്യുന്നു.<br>• ലാറ്റിനമേരിക്കയിലെ സ്വാതന്ത്ര്യ പോരാട്ടങ്ങളെ വിലയിരുത്തുന്നു. |

**പാഠഭാഗത്തിലേക്ക്**

ലോകഭൂപടം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. മുൻക്ലാസുകളിൽ ഏതെല്ലാം ഭൂഖണ്ഡങ്ങളിലേയും രാജ്യങ്ങളിലേയും ജനജീവിതത്തെക്കുറിച്ചാണ് ചർച്ച ചെയ്തതെന്ന് ചോദിക്കുന്നു. പൊതു ചർച്ചയിൽ ഉയർന്നു വരുന്നവ ബോർഡിൽ രേഖപ്പെടുത്തുന്നു. തുടർന്ന് വടക്കെഅമേരിക്ക, തെക്കേഅമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ കഴിഞ്ഞകാലത്തെ ജനജീവിതം എങ്ങനെയായിരുന്നു എന്ന് പരിശോധിക്കാം എന്ന മുഖവുരയോടെ പാഠഭാഗത്തേക്ക് കടക്കുന്നു. പാഠഭാഗം പരിശോധിച്ച് അമേരിക്കയിലെ ആദ്യകാല സംസ്കാരങ്ങളേയും അവ ആവിർഭവിച്ച ഭൂഖണ്ഡങ്ങളും ചുവടെ തന്നിട്ടുള്ളപോലെ പട്ടികപ്പെടുത്തുന്നു.

| സംസ്കാരം | ഭൂഖണ്ഡം | രാജ്യം |
|---|---|---|
| ആസ്ടെക് സംസ്കാരം | വടക്കെഅമേരിക്ക | മെക്സിക്കോ |
| മായൻ സംസ്കാരം | വടക്കെഅമേരിക്ക | മെക്സിക്കോ |
| ഇൻക സംസ്കാരം | തെക്കെഅമേരിക്ക | പെറു |

തുടർന്ന് അമേരിക്കയിലെ ആദിമ സംസ്കാരങ്ങളെക്കുറിച്ച് ഒരു സെമിനാർ നടത്താനായി ക്ലാസ് മൂന്ന് ഗ്രൂപ്പുകളായി തിരിയുന്നു. വിവരശേഖരണം നടത്തുന്നു.

ഗ്രൂപ്പ് I - ആസ്ടെക്ക് സംസ്കാരം

ഗ്രൂപ്പ് II - മായൻ സംസ്കാരം

ഗ്രൂപ്പ് III - ഇൻക സംസ്കാരം

വിവരശേഖരണത്തിന് ശേഷം ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നു, അവതരിപ്പിക്കുന്നു. അവതരണത്തെ തുടർന്ന് പൊതു ചർച്ചയും ക്രോഡീകരണവും. വ്യക്തിഗതമായി സെമിനാർ പേപ്പർ തയാറാക്കുന്നു. സെമിനാർ പേപ്പർ പോർട്ട് ഫോളിയോയുടെ ഭാഗമായി വിലയിരുത്തുന്നു.

- അമേരിക്കയിൽ നിലനിന്ന ആദിമസംസ്കാരങ്ങളുടെ ഭാഗമായുള്ള ജനങ്ങളാണോ ഇന്നും അവിടുത്തെ തദ്ദേശവാസികൾ?
- ഇന്ന് നമ്മൾക്ക് പരിചയമുള്ള അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം എങ്ങനെയായിരുന്നു.?

തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുന്നു. തുടർന്ന് ഭൂപടത്തിന്റെ സഹായത്താൽ ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളെക്കുറിച്ച് ഒരു ചർച്ച നടത്തുന്നു. അതിനുശേഷം ഭൂമിശാസ്ത്രപരമായ പര്യവേഷണങ്ങളുടെ സ്വാധീനം പട്ടികപ്പെടുത്തുന്നു. തുടർന്ന് ബ്രിട്ടൻ അമേരിക്കയിൽ സ്ഥാപിച്ച 13 കോളനികളെ ഭൂപടത്തിന്റെ സഹായത്താൽ കണ്ടെത്തുന്നു. ബ്രിട്ടന്റെ ആധിപത്യത്തിനെതിരായി 13 കോളനികൾ നടത്തിയ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ഗ്രൂപ്പുകളായി ചർച്ച ചെയ്ത് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

തുടർന്ന് തെക്കേഅമേരിക്കയിലെ ജനങ്ങൾ യൂറോപ്യന്മാരുടെ ആധിപത്യത്തിനെതിരായി നടത്തിയ ലാറ്റിനമേരിക്കൻ വിപ്ലവത്തെക്കുറിച്ച് ഒരു പാനൽ ചർച്ച സംഘടിപ്പിക്കുന്നു. പാനൽ ചർച്ചയ്ക്ക് മുൻപായി ഭൂപടം പരിശോധിച്ച് ലാറ്റിനമേരിക്കയുടെ സ്ഥാനം കണ്ടെത്തുന്നു. പാനൽ ചർച്ചയ്ക്ക് ഗ്രൂപ്പുകളായി ചർച്ച ചെയ്ത് തയാറെടുപ്പ് നടത്തുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തരെ ഉൾപ്പെടുത്തി പാനൽ രൂപീകരിക്കുന്നു. ഒരാളെ മോഡറേറ്ററാക്കുന്നു. ഗ്രൂപ്പുകളുടെ അവതരണത്തിന് ശേഷം പൊതു ചർച്ചയ്ക്കും പൊതുവായ ചോദ്യങ്ങൾക്കും പാനൽ മറുപടി പറയുന്നു. ക്രോഡീകരണത്തെ തുടർന്ന് വ്യക്തിഗതമായ പാനൽ ചർച്ചാകുറിപ്പ് തയാറാക്കുന്നു. അത് പോർട്ട് ഫോളിയോയുടെ ഭാഗമായി വിലയിരുത്തുന്നു.

**തുടർപ്രവർത്തനങ്ങൾ**

- അമേരിക്കൻ വിപ്ലവത്തെ മറ്റ് സമകാലിക വിപ്ലവങ്ങളുമായി താരതമ്യം ചെയ്ത് ഒരു പ്രബന്ധം തയാറാക്കുക.
- ആദ്യകാല അമേരിക്കൻ സംസ്കാരത്തിന്റെ സവിശേഷതകൾ മനസ്സിലാക്കി അവ വർത്തമാനകാല സമൂഹമായി താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.

# അധ്യായം -8

# വ്യവസായ വിപ്ലവം

സമയം : 2.30 മണിക്കൂർ

**ആമുഖം**

വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ കാരണങ്ങൾ, ലോകത്ത് വ്യവസായ വിപ്ലവം ഉണ്ടാക്കിയ മാറ്റങ്ങൾ, ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾ, സാമൂഹ്യ മാറ്റങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ഈ പാഠത്തിന്റെ മുഖ്യ വിഷയം. ഉൽപ്പാദന രംഗത്തുണ്ടായ മാറ്റം ലോകത്തിന്റെ ഗതിയെ എത്രത്തോളം സ്വാധീനിച്ചു എന്ന് ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. കൂടാതെ ഫ്രഞ്ചുവിപ്ലവം അതിന്റെ മുഖ്യ ആശയങ്ങൾ, നെപ്പോളിയൻ തുടങ്ങിയവയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ ഘടകങ്ങൾ<br>• കണ്ടുപിടുത്തങ്ങൾ- തുണിവ്യവസായം കൽക്കരി, ഇരുമ്പ്, ആവിശക്തി,<br>• കനാലുകളും റെയിൽവേയും<br>• വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ<br>• പ്രതിഷേധ പ്രസ്ഥാനങ്ങൾ | • വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ സാഹചര്യങ്ങൾ, മേഖലകൾ, ഫലങ്ങൾ, പ്രതിഷേധങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുള്ള സെമിനാർ<br>• **വിലയിരുത്തൽ**<br>• ചർച്ചയിലെ പങ്കാളിത്തം<br>• വിവരശേഖരണം<br>• സമഗ്രത<br>• അവതരണം<br>• നിരീക്ഷണ പാടവം | • വ്യവസായ വിപ്ലവം ഇംഗ്ലണ്ടിൽ ആരംഭിക്കാനിടയായ സാഹചര്യം തിരിച്ചറിയുന്നു.<br>• വ്യവസായ വിപ്ലവത്തിന്റ മുഖ്യ സവിശേഷതകൾ വിശകലനം ചെയ്യുന്നു.<br>• വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ വിലയിരുത്തുന്നു.<br>• വ്യവസായ വിപ്ലവത്തിനെതിരെ ഉയർന്നുവന്ന പ്രതിഷേധ പ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു. |
| • ഫ്രഞ്ചുവിപ്ലവം-കാരണങ്ങൾ ഫലങ്ങൾ, നെപ്പോളിയൻ | • ഫ്രഞ്ചുവിപ്ലവത്തിന്റെ കാരണങ്ങൾ, ഫലങ്ങൾ, നെപ്പോളിയന്റെ പരിഷ്കാരങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച. | • ഫ്രഞ്ചു വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുന്നു.<br>• നെപ്പോളിയൻ ബോണപ്പാർട്ടിന്റെ പരിഷ്കാരങ്ങൾ വിലയിരുത്തുന്നു. |

**പാഠഭാഗത്തേക്ക്**

എന്തിനെയാണ് നാം വിപ്ലവം എന്ന് വിളിക്കുന്നത് എന്ന് ചോദിച്ചുകൊണ്ട് അധ്യാപകൻ ക്ലാസ് ആരംഭിക്കുന്നു. ലോകത്ത് നടന്ന പ്രധാന വിപ്ലവങ്ങളുടെ പേര് പറയാമോ എന്ന അധ്യാപകന്റെ ചോദ്യത്തിന് പഠിതാക്കൾ നൽകുന്ന ഉത്തരങ്ങളിൽ ചിലത് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

- റഷ്യൻ വിപ്ലവം
- ഫ്രഞ്ച് വിപ്ലവം
- കാർഷിക വിപ്ലവം

വിപ്ലവം എന്ന പദം കൊണ്ട് ഏതെങ്കിലും ഒരു മേഖലയിലെ അടിസ്ഥാന പരമായ മാറ്റം എന്നാണ് അർഥമാക്കുന്നതെന്ന് അധ്യാപകൻ വിശദീകരിക്കുന്നു. തുടർന്ന് മേൽ സൂചിപ്പിച്ച വിപ്ലവങ്ങൾ പോലെ തന്നെ ലോകത്ത് ഉൽപ്പാദന മേഖലയിൽ നടന്ന വിപ്ലവമായിരുന്നു വ്യവസായ-വിപ്ലവം എന്ന് അധ്യാപകൻ പറയുന്നു. ഈ പാഠഭാഗം വിനിമയം ചെയ്യുന്നതിന് സെമിനാർ ഒരു തന്ത്രമായി സ്വീകരിക്കാം. പഠിതാക്കളെ താഴെ കൊടുത്തിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 4 വ്യത്യസ്ത ഗ്രൂപ്പുകളായി തിരിക്കുന്നു.

I - ഇംഗ്ലണ്ടിൽ ആരംഭിക്കാനിയായ സാഹചര്യം

II - വ്യാവസായിക വിപ്ലവത്തിന്റെ ഭാഗമായി വിവിധ മേഖലയിൽ നടത്തിയ കണ്ടുപിടുത്തങ്ങൾ

III– വ്യാവസായിക വിപ്ലവത്തിന്റെ ഫലങ്ങൾ

IV - പ്രതിഷേധ പ്രസ്ഥാനങ്ങൾ

സമ്പർക്ക ക്ലാസിലെ 30 മിനിട്ട് വിവരശേഖരണത്തിനായി നൽകുന്നു. ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയ്ക്ക് ശേഷം ഓരോ ഗ്രൂപ്പും ക്ലാസിൽ വിഷയം അവതരിപ്പിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കലിനും അധ്യാപകന്റെ ക്രോഡീകരണത്തിനും ശേഷം സെമിനാർ റിപ്പോർട്ട് തയാറാക്കാം.

**ഫ്രഞ്ച് വിപ്ലവം**

ഫ്രാൻസിൽ രാഷ്ട്രീയ ഏകാധിപത്യത്തിനെതിരെ ഉയർന്നു വന്ന ഉജ്ജ്വല പോരാട്ടമായിരുന്നു ഫ്രഞ്ചു വിപ്ലവമെന്ന് അധ്യാപകൻ ആമുഖമായി പറയുന്നു. ഫ്രഞ്ച് വിപ്ലവം മാനവ സമൂഹത്തെ വലിയ തോതിൽ സ്വാധീനിച്ചു എന്നും അധ്യാപകൻ സൂചിപ്പിക്കുന്നു. ഇത്രയും സ്വാധീനം ചെലുത്തിയ ഫ്രഞ്ചു വിപ്ലവത്തെക്കുറിച്ചും അതിന് സാഹചര്യമൊരുക്കിയ കാരണങ്ങളെക്കുറിച്ചുമാണ് നം ചർച്ചചെയ്യുന്നതെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് അധ്യാപകൻ പഠിതാക്കളെ പഠന സൗകര്യാർഥം വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു.

ഗ്രൂപ്പ് I - ഫ്രഞ്ചു വിപ്ലവത്തിന്റെ കാരണങ്ങൾ

ഗ്രൂപ്പ് II - ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലങ്ങൾ

ഗ്രൂപ്പ് III - നെപ്പോളിയനും അദ്ദേഹത്തിന്റെ നയങ്ങളും

30 മിനിട്ട് വിവരശേഖരണത്തിന് വേണ്ടി ചെലവഴിക്കാം. ശേഷം ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധി അവരവരുടെ മേഖല അവതരിപ്പിക്കട്ടെ, ശേഷം സമഗ്രമായ ചർച്ച. അവസാനം അധ്യാപകന്റെ ക്രോഡീകരണത്തോടെ ചർച്ചാകുറിപ്പ് തയാറാക്കാം.

**തുടർപ്രവർത്തനം**

അടുത്തുള്ള വ്യവസായശാല സന്ദർശിച്ച് സമഗ്രമായ റിപ്പോർട്ട് തയാറാക്കൽ.

# അധ്യായം - 9

# ആധുനികതയിലേക്ക്

സമയം : 3 മണിക്കൂർ

**ആമുഖം**

പരമ്പരാഗത ഫ്യൂഡൽ ഉൽപ്പാദന വ്യവസ്ഥയിൽ നിന്നും പാശ്ചാത്യവൽക്കരണത്തിന്റെയും യൂറോപ്യൻ രാജ്യവുമായുള്ള ബന്ധത്തിന്റെയും ഫലമായി ജപ്പാനിലുണ്ടായ മാറ്റങ്ങൾ ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. അതുപോലെ പരമ്പരാഗത രാജഭരണത്തിൽ നിന്ന് ചൈനയെ മോചിപ്പിക്കാൻ ഡോ.സൺയാത്സെന്നിന്റെ നേതൃത്വത്തിൽ നടന്ന സമരങ്ങളും പിന്നീട് മാവോ സേ തൂങ്ങിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നതിനെ കുറിച്ചും ഈ പാഠം ചർച്ച ചെയ്യുന്നു. കൂടാതെ റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവവും അത് ആധുനിക ലോകത്ത് ചെലുത്തിയ സ്വാധീനവും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • ജപ്പാന്റെ ഉയർച്ച മെയ്ജി പുന:സ്ഥാപനം, ആധുനികവൽക്കരണം, ജപ്പാൻ ആഗോള ശക്തിയായി ഉയരുന്നു. | • ചർച്ച<br>• ലോക ഭൂപടത്തിൽ ജപ്പാന്റെ സ്ഥാനം കണ്ടെത്തൽ<br>**വിലയിരുത്തൽ**<br>• ചർച്ചാകുറിപ്പ്<br>• പങ്കാളിത്തം<br>• രേഖപ്പെടുത്തൽ<br>ശേഷികൾ:-<br>• ആശയവിനിമയശേഷി<br>• ഉള്ളടക്ക ധാരണ<br>• വിശകലനരീതി | • ഷോഗൻ ഭരണാധികാരികളെ പുറത്താക്കി മെയ്ജി ഭരണം പുന: സ്ഥാപിക്കാനിടയായ സാഹചര്യം തിരിച്ചറിയുന്നു.<br>• ജപ്പാന്റെ വളർച്ചയുടെ ഘട്ടങ്ങൾ വിലയിരുത്തുന്നു. |
| • ചൈനീസ് റിപ്പബ്ലിക്കും ഡോ.സൺയാത്സെന്നും, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി, പുതിയ ജനാധിപത്യത്തിന്റെ രൂപീകരണം. | • ചൈനയിലെ വിപ്ലവത്തെ കുറിച്ച് പാനൽ ചർച്ച | • സൺയാത്സെന്നിന്റെ സംഭാവനകൾ വിശകലനം ചെയ്യുന്നു.<br>• ചൈനയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയും മാവോ സേ തൂങ്ങിന്റെ പരിഷ്കാരങ്ങളും തിരിച്ചറിയുന്നു. |
| • റഷ്യൻ വിപ്ലവം-കാരണങ്ങൾ-മെൻഷെവിക്കുകളും ബോൾഷെവിക്കുകളും-വിപ്ലവത്തിന്റെ അനന്തര ഫലങ്ങൾ | • റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങളും ഫലങ്ങളും - സെമിനാർ | • റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.<br>• ലെനിൻ, സ്റ്റാലിൻ തുടങ്ങിയവരുടെ സ്വാധീനം വിലയിരുത്തുന്നു. |

**പാഠഭാഗത്തേക്ക്**

യൂറോപ്പിലുണ്ടായ വ്യവസായ വിപ്ലവത്തെ കുറിച്ച് വിവരിച്ചു കൊണ്ട് അധ്യാപിക ക്ലാസ് ആരംഭിക്കുന്നു. വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ യൂറോപ്യർ ശ്രമിച്ചു വന്നതിനെ കുറിച്ചും അതിൽ ഉൾപ്പെട്ട ഏഷ്യൻ രാജ്യങ്ങളെ കുറിച്ചും ആമുഖത്തിൽ സൂചിപ്പിക്കുന്നു. ഇംഗ്ലണ്ടിൽ നിന്ന് തുടങ്ങി ക്രമേണ മിക്ക യൂറോപ്യൻ രാജ്യങ്ങളിലും പരമ്പരാഗത ഉൽപ്പാദന രീതിക്ക് പകരം പുതിയ വ്യാവസായിക ഉൽപ്പാദന രീതികൾ സ്വീകരിച്ചു എങ്കിലും റഷ്യയെ പോലുള്ള ചില യൂറോപ്യൻ രാജ്യങ്ങളിലും ഏഷ്യൻ രാജ്യങ്ങളിലും പരമ്പരാഗത ഫ്യൂഡൽ ഉൽപ്പാദന രീതികളാണ് നിലനിന്നിരുന്നത്. എന്നാൽ യൂറോപ്യന്മാരുമായുള്ള ബന്ധത്തിന്റെ ഫലമായി യന്ത്രവൽകൃത ഉൽപ്പാദനരീതി ഈ രാജ്യങ്ങളിലും സ്വീകരിച്ചു തുടങ്ങി. യൂറോപ്പുമായി താരതമ്യം ചെയ്യുമ്പോൾ ഏഷ്യൻ രാജ്യങ്ങളുടെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് ചില കാരണങ്ങൾ ഉണ്ടായിരുന്നു എന്ന് അധ്യാപിക സൂചിപ്പിക്കുകയും കാരണങ്ങളിൽ ചിലത് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

- ശക്തമായ രാഷ്ട്രീയ സംവിധാനം ഉണ്ടായിരുന്നില്ല.
- ആധുനിക ഉൽപ്പാദന രീതിയെ കുറിച്ചുള്ള അജ്ഞത.
- സാമൂഹിക പിന്നോക്കാവസ്ഥ.
- ആഭ്യന്തര സുരക്ഷിതത്വമില്ലായ്മ.

തുടങ്ങിയ ഘടകങ്ങൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ശേഷം ജപ്പാൻ, ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങൾ എങ്ങിനെ ആധുനികതയിലേക്ക് പ്രവേശിച്ചു എന്നും അതിന് യൂറോപ്യന്മാർ എത്രത്തോളം സഹായക ശക്തിയായി പ്രവർത്തിച്ചു എന്നും ചർച്ചയുടെ ആമുഖമായി സൂചിപ്പിക്കാം.

ഏഷ്യയിൽ യൂറോപ്യന്മാരുടെ നിയന്ത്രണത്തിൽ വരാത്ത ഏക രാജ്യം ജപ്പാനാണ്. ജപ്പാൻ സ്വീകരിച്ച രീതികൾ ക്ലാസിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു. 30 മിനിട്ട് സമയം നൽകാം. ഷോഗന്മാർ എന്ന് വിളിക്കുന്ന യുദ്ധപ്രഭുക്കളെ അമർച്ച ചെയ്തു, രാഷ്ട്രീയ ശക്തയായി മെയ്ജി ഉയർന്നു വന്നതിന് ശേഷമുള്ള നയങ്ങളെ ചർച്ചയ്ക്ക് വിധേയമാക്കുന്നു. ശേഷം അധ്യാപികയുടെ ക്രോഡീകരണത്തിന് ശേഷം ചർച്ചാ കുറിപ്പ് തയാറാക്കാം.

ഭൂമിശാസ്ത്രപരമായി ചൈയുടെയും ജപ്പാന്റെയും സ്ഥാനം പഠിതാക്കൾക്ക് ഭൂപടത്തിന്റെ സഹായത്താൽ പരിചയപ്പെടുത്തിയ ശേഷം യൂറോപ്യന്മാരുട ഇടപെടൽ ചൈനയെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്നും സൺയാത്സെന്നിന്റെ കീഴിൽ നടന്ന സമരങ്ങളുടെ ഫലമായാണ് ചൈന റിപ്പബ്ലിക്കായി തീർന്നത് എന്നും ബോധ്യപ്പെടുത്തണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം, മാവോ സേ തൂങ്ങിന്റെ നേതൃത്വം തുടങ്ങിയവ ക്ലാസിൽ ഗ്രൂപ്പുതല ചർച്ചയ്ക്ക് വിധേയമാക്കുന്നു. ചർച്ചയുടെ അവസാനം ആവശ്യമായ കൂട്ടിച്ചേർക്കലോടെ ചർച്ചാ കുറിപ്പ് തയാറാക്കാം.

റഷ്യൻ വിപ്ലത്തിന്റെ കാരണങ്ങളും ഫലങ്ങളും ക്ലാസിൽ സെമിനാറായി അവതരിപ്പിക്കുന്നു. സെമിനാറിനാവശ്യമായ വിവരശേഖരണത്തിന് പഠിതാക്കളെ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും വിവിധ മേഖലകൾ നൽകാം.

I - രാഷ്ട്രീയ കാരണങ്ങൾ

II - സാമ്പത്തിക സാമൂഹിക കാരണങ്ങൾ

III - ബൗദ്ധിക കാരണങ്ങൾ

IV - ബോൾഷെവിക്കുകളും മെൻഷെവിക്കുകളും

V - വിപ്ലവത്തിന്റെ അനന്തര ഫലങ്ങൾ

പഠിതാക്കൾ ഗ്രൂപ്പുകളായി വിവര ശേഖരണം നടത്തിയതിന് ശേഷം ഓരോ ഗ്രൂപ്പും അവർ തയാറാക്കിയത് ക്ലാസിൽ അവതരിപ്പിക്കുന്നു അധ്യാപകന്റെ ക്രോഡീകരണത്തിന് ശേഷം പഠിതാക്കൾക്ക് സെമിനാർ റിപ്പോർട്ട് തയാറാക്കാം.

**തുടർപ്രവർത്തനങ്ങൾ**

റഷ്യൻ വിപ്ലവത്തെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ സംഘടിപ്പിക്കുക.

# അധ്യായം - 10

# യുദ്ധവും സമാധാനവും

സമയം : 3 മണിക്കൂർ

**ആമുഖം**

1914 മുതൽ 1945 വരെ ലോകചരിത്രത്തിലുണ്ടായ വിവിധ സംഭവവികാസങ്ങളെക്കുറിച്ചാണ് ഈ പാഠഭാഗത്ത് പരാമർശിക്കുന്നത്. ഒന്നാം ലോക മഹായുദ്ധത്തിന്റെ അനന്തര ഫലങ്ങളും ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണവും പ്രവർത്തനങ്ങളും പഠിതാക്കൾ തരിച്ചറിയണം. യുദ്ധത്തിനും അക്രമ ണത്തിനും എതിരായ ഒരു വീക്ഷണം പഠിതാക്കളിൽ രൂപപ്പെടണം.

**യൂണിറ്റ് ഫ്രെയിം**

| ആശയങ്ങൾ/ ധാരണകൾ | പ്രക്രിയയും പ്രവർത്തനങ്ങളും വിലയിരുത്തലും | പഠന നേട്ടങ്ങൾ |
|---|---|---|
| • ഒന്നാം ലോകയുദ്ധത്തിന്റെ വിവിധ കാരണങ്ങൾ, പശ്ചാത്തലം, ഫലങ്ങൾ, സർവരാഷ്ട്ര സഖ്യം | • ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളെ ക്കുറിച്ചുള്ള ചർച്ച, പട്ടികപ്പെടുത്തൽ, അവ തരണം | • ഒന്നാം ലോകയുദ്ധ ത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശക ലനം ചെയ്യുന്നു. |
| • ഫാഷിസം, നാസിസം | • ഫാഷിസം, നാസിസം എന്നിവയെ സംബ ന്ധിച്ചുള്ള സെമിനാർ. | • ഫാഷിസം, നാസിസം എന്നിവയുടെ പ്രവർ ത്തനം വിലയിരുത്തു ന്നു. |
| • രണ്ടാം ലോകയുദ്ധ കരണങ്ങൾ, ഫലങ്ങൾ | • രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങ ളെയും ഫലങ്ങളെയും കുറിച്ച് ചർച്ച | • രണ്ടാം ലോകയുദ്ധ ത്തിന്റെ കാരണങ്ങൾ ഫലങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു. |
| • ഐക്യരാഷ്ട്ര സംഘടന- ഘടന, പ്രവർത്തനം | • ചർച്ച, യുദ്ധത്തിനെതിരായ പോസ്റ്റർ നിർമ്മാണം, അവതരണം | • ഐക്യരാഷ്ട്ര സംഘ ടനയുടെ രൂപീകരണ വും പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുന്നു.<br>• യുദ്ധത്തിനും ആക്രമ ണത്തിനും എതിരായ വീക്ഷണം രൂപപ്പെടു ന്നു. |

**പാഠത്തിലേക്ക്**

യുദ്ധത്തിന്റെ കെടുതികൾ വിശദമാക്കുന്ന ചിത്രങ്ങൾ/വീഡിയോ കാണിച്ചുകൊണ്ട് പാഠഭാഗത്തിലേക്ക് കടക്കാവുന്നതാണ്. തുടർന്ന് ക്ലാസിനെ വിവിധ ഗ്രൂപ്പുകളായി മാറ്റി ഒന്നാംലോകയുദ്ധത്തിൻെ വിവിധ കാരണങ്ങളേയും ഫലങ്ങളേയും കുറിച്ച് ചർച്ചചെയ്ത് ചുവടെ തന്നിട്ടുള്ളതുപോലെ പട്ടിക പൂർത്തി യാക്കി അവതരിപ്പിക്കുന്നു.

| | |
|---|---|
| കോളനികൾക്കുവേണ്ടിയുള്ള കിടമത്സരം | |
| ആക്രമണോത്സുകമായ ദേശീയത | |
| സൈനിക സഖ്യങ്ങൾ | ത്രികക്ഷി സഖ്യം (ജർമ്മനി, ആസ്ട്രിയ, ഇറ്റലി) ത്രികക്ഷി സൗഹാർദ്ദ സഖ്യം (ഫ്രാൻസ്, ഇംഗ്ലണ്ട്, റഷ്യ) |
| അന്താരാഷ്ട്ര പ്രതിസന്ധികൾ | മൊറോക്കൻ പ്രതിസന്ധി, ബാൾക്കൻ പ്രതിസന്ധി |

യുദ്ധത്തിന്റെ ഫലങ്ങൾ

- പല യൂറോപ്യൻ രാജ്യങ്ങളിലും രാജവാഴ്ച അവസാനിച്ചു.
- കോളനി വിരുദ്ധ സമരങ്ങൾ പല രാജ്യങ്ങളിലും ആരംഭിച്ചു.
- 1917- ലെ റഷ്യൻ വിപ്ലവം
- സർവ രാഷ്ട്ര സഖ്യത്തിന്റെ രൂപീകരണം

ഗ്രൂപ്പ് ചർച്ച, പട്ടിക പൂർത്തിയാക്കൽ, അവതരണം എന്നീഘട്ടങ്ങളിൽ കുട്ടികളുടെ ഇടപെടലും പങ്കാളിത്തവും വിലയിരുത്തണം. പട്ടികയെ പോർട്ട്ഫോളിയോയുടെ ഭാഗമായി വിലയിരുത്താവുന്നതാണ്.

**തുടർപ്രവർത്തനങ്ങൾ**

- രണ്ടാം ലോകമഹായുദ്ധത്തിന്റെ വിവിധ കാരണങ്ങളെക്കുറിച്ച് ഒരു സെമിനാർ/പ്രബന്ധം തയാറാക്കുക.